"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.പദ്മകുമാർ.ആർ., സീനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - അനധികൃത അവധി - സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.717/2024/H&FWD തീയതി,തിരുവനന്തപുരം, 11-03-2024

പരാമർശം:- 1. ഡോ.പദ്മകുമാർ സമർപ്പിച്ച 03.01.2024-ലെ അപേക്ഷ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.02.2024-ലെ EA4-35/2023-EA4 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റായി ജോലി നോക്കിയിരുന്ന ഡോ.പദ്മകുമാർ.ആർ. 31.12.2022 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനായുള്ള അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചു.

2. കണ്ണൂർ ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റായി സേവനം അനുഷ്ഠിച്ചിരുന്ന ഡോ.പദ്മകുമാർ 01.3.2019 മുതൽ 248 ദിവസം പരിവർത്തിത അവധിക്ക് അപേക്ഷ സമർപ്പിക്കുകയും (അവധി അനുവദിച്ചിരുന്നില്ല) അവധിയുടെ കാലാവധി പൂർത്തിയായതിന് ശേഷവും (04.11.2019 മുതൽ) ടിയാൻ സർവ്വീസിൽ പ്രവേശിച്ചിരുന്നില്ല. പ്രസ്തുത വിഷയത്തിൽ നിലവിൽ ഡോ.പദ്മകുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല.

3. ഡോ.പദ്മകുമാർ.ആർ. സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനായി ലഭ്യമാക്കിയ അപേക്ഷയോടൊപ്പം ടിയാന്റെ ഭാര്യ സമർപ്പിച്ച അപേക്ഷയിൽ ഡോ.പദ്മകുമാറിന് ഡിപ്രഷൻ ബാധിക്കുകയും പെരുമാറ്റ വൈകല്യങ്ങൾ കാണുകയും 2021-ൽ സ്ഥിതി കൂടുതൽ മോശമായപ്പോൾ ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സ തേടുകയും, ടിയാൾക്ക് fronto temporal dementia ആണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. ആയതിനാൽ ഡോ.പദ്മകുമാറിനെ ബാംഗ്ലൂരിലെ NIMHANS ആശുപത്രിയിലേയ്ക്ക് മാറ്റുകയും, ടിയാൻ നിലവിലും ടി ആശുപത്രിയിൽ ചികിത്സയിൽ തുടരുന്നതായി അറിയിച്ചിരിക്കുന്നു.

4. കണ്ണൂർ ജില്ലാ ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റായി ജോലി നോക്കിയിരുന്ന ഡോ.പത്മകുമാർ . ആർ . 04/11/2019 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്നും ടിയാന്റെ മോശമായ ആരോഗ്യസ്ഥിതി പരിഗണിച്ച് അനുകമ്പാർഹമായ പരിഗണ നൽകി സർവീസിൽ പുനപ്രവേശിപ്പിച്ച ശേഷം മാത്രമേ അനധികൃതമായി വിട്ടുനിന്ന കാലയളവ് ക്രമവത്കരിക്കുവാനും സർവീസിൽ നിന്നും സ്വയം വിരമിക്കലിന് അനുമതി നൽകുവാനും സാധിക്കുകയുള്ളൂ എന്നതിനാൽ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ പുനഃപ്രവേശനത്തിനുള്ള അപേക്ഷയും അനുബന്ധ രേഖകളും ആരോഗ്യ വകുപ്പ് ഡയറക്ടർ അയച്ചു നൽകിയിരിക്കുന്നു. ഡോ.ആർ.പദ്മകുമാറിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിനും, തിരുവനന്തപുരം ജനൽ ആശുപതിയിൽ നിലവിൽ ഒഴിവുള്ള ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമനം നൽകുന്നതിനും ആവഡ ശിപാർശ ചെയ്തിരിക്കുന്നു.

5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ , 04/11/2019 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന, കണ്ണൂർ ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റായി സേവനം അനുഷ്ഠിച്ചിരുന്ന ഡോ.പദ്മകുമാർ.ആർ.-നെ ടിയാന്റെ നിലവിലെ മോശമായ ആരോഗ്യസ്ഥിതി പരിഗണിച്ച് അനുകമ്പാർഹമായ പരിഗണ നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അച്ചടക്ക നടപടിക്ക് വിധേയമാക്കാതെ തന്നെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച്, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള സീനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം/കണ്ണൂർ.
ഡോ.പദ്മകുമാർ.ആർ., സീനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.
പകർപ്പ്: ബഹു. ആരോഗ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം
Signed by
ANUPAMA G NAIR
സെക്ഷൻ ഓഫീസർ
Date: 11-03-2024 12:31:58

മേലെഴുത്ത് നമ്പർ- ഇഎ-35/2023/DHS
തിയതി. 11.03.2024.

പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.